**കേരള കാർഷിക സർവ്വകലാശാല**
**അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി**
**ഫോൺ നം : 0480 – 2702116, Email.arschalakudy@kau.in**

നം.എ.ആർ.എസ്/ബി/534/13 ചാലക്കുടി. 15.05.2026

## ക്വട്ടേഷൻ നോട്ടീസ്

ഫാമിലെ II, x എന്നീ ബ്ലോക്കുകളിലെ 13 മാംഗോസ്റ്റിൻ മരങ്ങളിൽ നിന്നുള്ള കായ്കൾ വിളവെടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ/ലേല വ്യവസ്ഥപ്രകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷനും നിരതദ്രവ്യം ആയി 1000/– രൂപ സഹിതം 22.05.2026 ന് 11.30 A.M ന് മുൻപായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം 11.45 മണിക്ക്, അപ്പോൾ സന്നിഹിതരായിരിക്കുന്ന ആളുകളുടെ സാന്നിദ്ധ്യത്തിൽ പരസ്യലേലം നടത്തുന്നതും, അതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ/ലേലത്തിൽ കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിക്ക് പ്രൊഫസർ&ഹെഡിന് തൃപ്തികരമെങ്കിൽ വിളവെടുക്കാനുള്ള അവകാശം ഉറപ്പിക്കുന്നതായിരിക്കും. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഐഡി കാർഡ് കൊണ്ടുവരേണ്ടതാണ്.

### നിബന്ധനകൾ

1. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തി, ക്വട്ടേഷൻ/ലേലത്തുകയുടെ, 1/2 ഭാഗം അപ്പോൾ തന്നെ ഓഫീസിൽ അടയ്ക്കണം. ബാക്കി ½ ഭാഗം വിളവെടുപ്പ് തുടങ്ങുന്നതിനു മുൻപായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. മുഴുവൻ തുകയും ഓഫീസിൽ അടച്ച കഴിഞ്ഞ ശേഷമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ.
2. വിളവെടുപ്പ് കാലാവധി 31.12.2026 വരെ ആയിരിക്കും.
3. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യം 1000/– രൂപ വിളവെടുപ്പ് കാലാവധി കഴിഞ്ഞ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
4. ലേലം സ്വീകരിച്ചവ്യക്തിതന്നെ സസ്യസംരക്ഷണമുറകൾ അനുവർത്തിച്ച് മാംഗോസ്റ്റിൻ മരങ്ങളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്. കീടനാശിനികൾ, വളങ്ങൾ എന്നിവ പ്രയോഗിക്കുന്നെണ്ടെങ്കിൽ പ്രസ്തുത വിവരം മുൻകൂട്ടി ഫാം ഇൻചാർജ്ജ്/ ഫാം ഓഫീസറെയോ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്.
5. ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ, പ്രവർത്തി സമയത്ത് മാത്രമേ മാംഗോസ്റ്റിൻ കായ് വിളവെടുക്കാനും പുറത്തു കൊണ്ടുപോകാനും അനുവാദമുള്ളു ഓഫീസിൽ നിന്നും നിർദ്ദേശിക്കുന്ന പക്ഷം നിർബന്ധമായും ഓരോ മാംഗോസ്റ്റിൻ നിന്നും പറിക്കുന്ന മാംഗോസ്റ്റിൻ കായ്കളുടെ തൂക്കം രേഖപ്പെടുത്താൻ അനുവദിക്കേണ്ടതാണ്.
6. ഓരോ ദിവസവും പറിക്കുന്ന മാംഗോസ്റ്റിൻ കായ്കൾ അപ്പോൾത്തന്നെ കൊണ്ടുപോകേണ്ടതാണ്. ഫാമിൽ സൂക്ഷിച്ച വെയ്ക്കാൻ അനുവദിക്കുന്നതല്ല.
7. ഫാമിന് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയതിൻറെ വ്യാപ്തി അനുസരിച്ച് അധികാരികൾ ചുമത്തുന്ന പിഴ അടയ്ക്കുവാൻ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി ബാദ്ധ്യസ്ഥൻ ആയിരിക്കും. യാതൊരു കാരണവും കൂടാതെ തന്നെ ഈ ക്വട്ടേഷൻ ക്യാൻസിൽ ചെയ്യുവാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
8. ക്വട്ടേഷൻ/ലേലം സംബന്ധമായ അന്തിമ തീരുമാനമെടുക്കാനും ക്വട്ടേഷൻ/ലേലം റദ്ദ് ചെയ്യാനും മാറ്റിവെയ്ക്കാനും ഉള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

(ഒപ്പ്/–)
**ഡോ. മിനി അബ്രാഹം**
**പ്രൊഫസർ & ഹെഡ്**

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

കോപ്പികൾ : നോട്ടീസ് ബോർഡ് , ബ്ലോക്ക് ഓഫീസ്
കൃഷിഭവൻ